(ഡി)	ഫെഡറേഷൻ	നഷ്ടം	ബാദ്ധ്യതകൾ
	കൺസ്യൂമർ ഫെഡ്	2510.10	12,518.07
	ഹൗസിംഗ് ഫെഡറേഷൻ	ലാഭം	32,809.24
	ഹോസ്പിറ്റൽ ഫെഡറേഷൻ	16.95	359.07
	വനിത ഫെഡറേഷൻ	0.77	0.91
	കാർഷിക ഗ്രാമവികസന ബാങ്ക്	ലാഭം	2,34,215.00
	പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ	45.62	1,272.00
	റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ	4,089.00	6,149.00
	മാർക്കറ്റിംഗ് ഫെഡറേഷൻ	6,138.00	3,057.00
	സംസ്ഥാന സഹകരണ ബാങ്ക്	ലാഭം	2,64,822.00

(ഇ) കേരള സംസ്ഥാന സഹകരണമാർക്കറ്റിംഗ് ഫെഡറേഷനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും പണാപഹരണവും ഓഡിറ്റിൽ വെളിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടികളുടെ ഭാഗമായി 27-1-1999-ൽ മാർക്കറ്റ് ഫെഡ് ഭരണസമിതിയെ രജിസ്ട്രാർ പിരിച്ചുവിട്ടിരുന്നു.

തൊഴിൽ സമരങ്ങളില്ലാത്ത അന്തരീക്ഷം സൃഷ്ടിക്കാൻ നടപടി

*14 [455] ശ്രീ. ടി. യു. മാധാകൃഷ്ണൻ:

,, ടി. എൻ. പ്രതാപൻ:

,, കെ. ബാബു:

,, എം. എ. ചന്ദ്രശേഖരൻ:

,, അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. വ്യവസായം തുടങ്ങുവാൻ തയ്യാറായിവന്ന വിദേശ വ്യവസായികൾ അവർ തുടങ്ങുന്ന വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ സമരങ്ങളില്ലാത്ത അന്തരീക്ഷം ഉണ്ടാക്കാമെന്ന് ഉറപ്പ് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നുവോ;

(ബി) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻവന്ന മറ്റേതെങ്കിലും വ്യവസായികൾ ഇത്തരം ഒരു ഉറപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള ഉറപ്പ് നൽകാത്തതിനെത്തുടർന്ന് അവർ വ്യവസായം ആരംഭിക്കാതിരുന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം ഒരു ഉറപ്പ് നൽകുന്നതിന് സഹായകരമായ വിധത്തിൽ സംസ്ഥാനത്തുള്ള രാഷ്ട്രീയ കക്ഷികളുടേയും തൊഴിലാളി സംഘടനകളുടേയും യോഗം വിളിച്ച് ഇക്കാര്യത്തിൽ യോജിച്ച് തീരുമാനമെടുക്കാൻ നടപടിയെടുക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ ആന്റ് ബി) ഐ. ടി. മേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ സമരമില്ലാത്ത സാഹചര്യം ഉണ്ടാക്കണമെന്ന് ഉറപ്പ് നൽകണമെന്നതാണ് സർക്കാരിന്റെ താൽപ്പര്യം. വ്യവസായികളും തൊഴിൽസമരങ്ങളില്ലാത്ത സാഹചര്യമാണ് ആഗ്രഹിക്കുന്നത്. ഐ. ടി. വകുപ്പിന് കീഴിൽ വരുന്ന വ്യവസായ നിക്ഷേപക കേന്ദ്രങ്ങളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക് എന്നിവിടങ്ങളിൽ അതിനനുസൃതമായ സാഹചര്യം സൃഷ്ടിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നുണ്ട്. ടെക്നോപാർക്കിൽ ഐ. ടി. വ്യവസായം തുടങ്ങുവാൻ തയ്യാറായി വരുന്ന എല്ലാ കമ്പനികളും തൊഴിൽ സമരങ്ങളില്ലാത്ത അന്തരീക്ഷം ഉറപ്പാക്കണമെന്ന ആവശ്യം ഉന്നയിക്കുന്നുണ്ട്. ഐ. ടി. വ്യവസായം ആരംഭിക്കുവാൻ ഇവിടെ എത്തുന്നവരുടെ ഏറ്റവും പ്രധാനമായ ആവശ്യമാണ് ഹർത്താൽ, ബന്ദ്, തൊഴിൽ സമരങ്ങൾ എന്നിവ ഒഴിവാക്കിയുള്ള ഒരു വ്യവസായ അന്തരീക്ഷം നൽകുക എന്നത്. പ്രധാനമായും കാൾ സെന്ററുകൾ, ബി. പി. ഒ., ഐ. ടി. ഇ. എസ്. എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ബിസിനസിനെ ഇത്തരം സമരങ്ങൾ വളരെയധികം ബാധിക്കുന്നതുകൊണ്ട് അവർ ഈ ആവശ്യം ശക്തമായി ഉന്നയിക്കുന്നു. ടെക്നോപാർക്കിലെ R. M. Education solutions, Seaview Support Systems, Sherston, Alamy Images India P. Ltd., Allianz Cornhill, Astron Document Management, DSI Technologies, Ernst and Young Middle East Technologies,. Guru Solutions, Infosys, Visual Graphics, Trinity Computers, Zenta Group, Mr. Tom Vaidya (NRI) തുടങ്ങിയ സ്ഥാപനങ്ങളും വ്യവസായികളും ഈ ഉറപ്പിനായി സമീപിക്കുന്നുണ്ട്. കൊച്ചി ഇൻഫോ പാർക്കിൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്ന വിപ്രോയും ആഴ്ചയിൽ 7 ദിവസും 24 മണിക്കൂറും തുടർച്ചയായി പ്രവർത്തിക്കുന്നതിന് തടസ്സമില്ലാത്ത അന്തരീക്ഷം സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഒറ്റപ്പെട്ട ചില കേസ്സുകളിൽ ഐ. ടി. മേഖലയിൽ വ്യവസായം ആരംഭിക്കാതിരുന്നിട്ടുണ്ട്. ട്രിനിറ്റി കമ്പ്യൂട്ടേഴ്സ്, സെന്റാ ഗ്രൂപ്പ് എന്നീ സ്ഥാപനങ്ങളും എൻ. ആർ. ഐ. ആയ ശ്രീ. ടോം വൈദ്യനുമാണ് വ്യവസായം ആരംഭിക്കാതിരുന്നത്.

(ഡി) ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് തൊഴിൽ രംഗത്ത് സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly